"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യ വിഭാഗത്തിന്റെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായി സർവ്വെ നടത്തുവാൻ കോർപ്പറേഷന് അനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.55/2024/BCDD തീയതി,തിരുവനന്തപുരം, 17-07-2024

---

പരാമർശം:-

1. 19.02.2021 ലെ സ.ഉ.(സാധാ.) നം. 21/2021/പിവിവിവ. നമ്പർ ഉത്തരവ്.
2. കേരള സംസ്ഥന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 08.06.2023 -ലെ സി 1 / 1521 /2020/കെഎസ്ഡിസി / 459 നമ്പർ കത്ത്
3. 08-07-2024 തീയതിയിലെ ബി2/202/2021-പിവിവിവ. നമ്പർ കത്ത് .

**ഉത്തരവ്**

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യ വിഭാഗത്തിന്റെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിലേക്കായി സർവ്വെ നടത്തുവാൻ പരാമർശം (1) പ്രകാരം കോർപ്പറേഷന് അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സർവ്വെ കോർപ്പറേഷന്റെ തനത് ഫണ്ട് ഉപയോഗിച്ചു നടത്തുവാൻ നിർവാഹമില്ലെന്നും ആയതിലേക്കായി നാളിതുവരെ കോർപ്പറേഷൻ തുകയൊന്നും ചിലവാക്കിയിട്ടില്ലെന്നും പ്രസ്തുത സർവ്വേ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ വഴിയോ അല്ലെങ്കിൽ സമാനമായ പഠനങ്ങൾ നടത്തുന്നതിന് വൈദഗ്ധ്യം ഉള്ള മറ്റേതെങ്കിലും സർക്കാർ/സർക്കാതിര ഏജൻസികൾ/സർവ്വകലാശാല വകുപ്പുകൾ വഴിയോ നടത്തുന്നതാണ് ഉചിതം എന്നും പരാമർശം (2) പ്രകാരം കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യ വിഭാഗത്തിൽ ഉൾപ്പെടുന്ന സംസ്ഥാനത്തെ പരിവർത്തിത ക്രൈസ്തവരുടെയും ശുപാർശിത വിഭാഗങ്ങളുടെയും സാമൂഹ്യ സാമ്പത്തിക സ്ഥിതി പഠിക്കുന്നതിനായി സർവെ നടത്തുന്നതിന് തുടർ നടപടി സ്വീകരിക്കുവാൻ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് പരാമർശം (3) പ്രകാരം

നിർദേശം നല്കിയിട്ടുള്ള സാഹചര്യത്തിൽ പരാമർശം (1)ലെ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LATHA S
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കനകനഗർ, കവടിയാർപി.ഒ.,
തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, നാഗമ്പടം, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(ഓഡിറ്റ്/എ & ഇ),കേരളം, തിരുവനന്തപുരം
വെബ് ആൻഡ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Navasukutty K
സെക്ഷൻ ഓഫീസർ
Date: 17-07-2024 15:23:41